ബഹുമാനപ്പെട്ട എം.എൽ.എ. മുമ്പ് ആവശ്യപ്പെട്ടിരുന്നു. അതിനെത്തുടർന്ന് ബന്ധപ്പെട്ട എല്ലാ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥരെയും വിളിച്ചുകൂട്ടി ഈ പ്രശ്നങ്ങൾ ഞങ്ങൾ ചർച്ചചെയ്തിട്ടുണ്ട്. 1990-ൽ തന്നെ ഇത് പതിച്ചു കൊടുക്കാൻ വേണ്ടി ചില നടപടികൾ എടുക്കണമെന്ന് ഗവൺമെന്റ് തീരുമാനിച്ചിരുന്നതാണ്. പക്ഷേ ഈ ഭൂമിയിന്മേലുള്ള അവകാശം പുനർ നിർണ്ണയം ചെയ്യുന്നതിന് സീലിംഗ് കേസ്സുകൾ വീണ്ടും പരിശോധിക്കാനുള്ള അവസരം ഉണ്ടാകണം. അതിന് കേരള ഭൂപരിഷ്ക്കരണ നിയമത്തിൽ ഒരു ചെറിയ ഭേദഗതി ആവശ്യമുണ്ട്. ഭൂപരിഷ്ക്കരണ നിയമത്തിൽ ഭേദഗതി വരണമെങ്കിൽ ഇത് 9-ാം ഷെഡ്യൂളിൽപ്പെട്ടതുകൊണ്ട് സെൻട്രൽ ഗവൺമെന്റിന്റെ അനുമതികൂടി കിട്ടേണ്ടതാണ്. ആ അനുമതി നമുക്ക് കിട്ടിക്കഴിഞ്ഞിട്ടുണ്ട്. അടുത്ത നിയമസഭയിൽത്തന്നെ ആ ബിൽ പാസ്സാക്കാൻ കഴിഞ്ഞാൽ കഴിയുന്നതും വേഗം ഈ പ്രശ്നത്തിനും ഇതുപോലുള്ള പ്രവർത്തനങ്ങൾക്കും പരിഹാരം ഉണ്ടാക്കാൻ കഴിയുമെന്നാണ് ഞങ്ങൾ കരുതുന്നത്. കഴിയുന്നതും വേഗം പരിഹാരം ഉണ്ടാക്കാൻ ഞങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(10) പി.ഡബ്ല്യു.ഡി. റോഡ് പുറംപോക്കിൽ താമസിക്കുന്നവർക്ക് പട്ടയം

ശ്രീ. എം.പി. വർഗ്ഗീസ് : സർ, പി.ഡബ്ല്യു.ഡി. റോഡുകളുടെ സൈഡിലും, പെരിയാർ വാലി പുറംപോക്കുകളിലും താമസക്കാരായ ആളുകൾക്ക് പട്ടയം കൊടുക്കണമെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു വേണ്ടിയാണിത് ഉന്നയിക്കുന്നത്. ഒ.ഡി.ആർ.ലും, എം.ഡി.ആർ.ലും പെട്ട റോഡുകളുടെ വളരെ ദൂരെ മാറി താമസിക്കുന്ന ആളുകൾ വളരെ കാലങ്ങളായി കൈവശംവച്ച് പഞ്ചായത്തിൽനിന്ന് എൻ.ഒ.സി.യും ലഭിച്ച്, അതുപോലെതന്നെ അസൈൻമെന്റ് കമ്മിറ്റിയും പാസാക്കിയിട്ടും ചില ന്യായങ്ങൾ പറഞ്ഞ് പട്ടയം കൊടുക്കാതിരിക്കുന്ന ഒരു സമീപനമാണ് ഇപ്പോൾ റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. അതുപോലെ തന്നെ പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ടിന് 34, 35 വർഷങ്ങൾക്കു മുമ്പ് ഭൂമി അക്വയർ ചെയ്തിട്ടുള്ളത് മണ്ണും, കല്ലും സ്റ്റോക്ക് ചെയ്യുന്നതിനുവേണ്ടി എടുത്തിട്ടുള്ള സ്ഥലമാണ്. അത് പെരിയാർ വാലിക്ക് ഒരിക്കലും ആവശ്യമുള്ളതല്ല. ആ സ്ഥലങ്ങളിൽ കൈവശക്കാരായ താമസക്കാരായ ആളുകൾക്കും പട്ടയം കൊടുക്കാത്ത സമീപനം ഇപ്പോൾ എടുത്തിട്ടുണ്ട്. അടിയന്തിരമായും ഈ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് പട്ടയം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, റോഡ് പുറംപോക്കിലുള്ള സ്ഥലങ്ങളുടെ പട്ടയം കൊടുക്കുന്നതിന് പി.ഡബ്ല്യു.ഡി.യുടെ അനുവാദം ആവശ്യമുണ്ട്. പി.ഡബ്ല്യു.ഡി. റോഡിന്റെ വികസനത്തിന് ആവശ്യമില്ല എന്നുപറയപ്പെടുന്ന സ്ഥലങ്ങളിൽ പി.ഡബ്ല്യു.ഡി. യുടെ അനുമതിയോടുകൂടി ഇപ്പോൾത്തന്നെ പട്ടയം പതിച്ച് നമ്മൾ കൊടുക്കുന്നുണ്ട്. അങ്ങനെ പട്ടയം കൊടുക്കാൻ കഴിയാത്ത സ്ഥലങ്ങളിൽ 1.1.1992-ന് മുമ്പുവരെ കൈവശമുള്ള ആളുകൾക്ക് മുഴുവൻ കൈവശരേഖ നൽകുന്നുണ്ട്. പദ്ധതിപ്രദേശങ്ങളിൽ പദ്ധതിക്കുവേണ്ടി ഏറ്റെടുത്ത സ്ഥലം ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുകയും, പദ്ധതിക്ക് ആവശ്യമില്ലാത്ത സ്ഥലങ്ങളാണ് എന്ന് ബോധ്യമാകുകയും ചെയ്താൽ ബന്ധപ്പെട്ട വകുപ്പുമായി ചർച്ചചെയ്ത് ആ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കി പട്ടയം കൊടുക്കുന്നതിനാവശ്യമായ നടപടികളാണ്

സ്വീകരിച്ചുവരുന്നത്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഈ പ്രശ്നങ്ങളും ഇതുപോലെതന്നെ പരിശോധിച്ചിട്ട് കഴിയുന്നതും വേഗം ആ പ്രദേശങ്ങളിലെ ആളുകളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

(11) ചെറുകിട-ഇടത്തരം കരാറുകാരുടെ പ്രശ്നങ്ങൾ

ശ്രീ. ടി. നാണുമാസ്റ്റർ : സർ, കേരളത്തിലെ ജലസേചന വകുപ്പിലും പൊതുമരാമത്തു വകുപ്പിലും പ്രവൃത്തി എടുക്കുന്ന ഇടത്തരം ചെറുകിട കരാറുകാർക്ക് ചില വിഷമതകൾ ഉണ്ട്. നമ്മുടെ പുതിയ സെയിൽസ് ടാക്സ് നിയമം അനുസരിച്ച് അവർ സെയിൽടാക്സ് നൽകേണ്ടതുണ്ട്. അവരുടെ ആ വിഷമത കണക്കിലെടുത്ത് പലപ്പോഴും അവരുടെ സമ്മേളനത്തിലൊക്കെ ഉറപ്പ് നൽകിയ വിധത്തിൽ, സെയിൽസ് ടാക്സിൽനിന്ന് അവരെ ഒഴിവാക്കുന്ന കാര്യം, രജിസ്ട്രേഷൻ എടുക്കുന്നതിനുള്ള ഫീസിന്റെ കാര്യം ഒഴിവാക്കുന്നത് ഗവൺമെന്റ് പുനഃപരിശോധിക്കണം. ഒരു കാര്യം കൂടി, 23.6.99-ന് വൻകിട കരാറുകാർ കോടതിയിൽ ഒ.പി. ഫയൽ ചെയ്തു. അപ്പോൾ അവർക്ക് കൊടുക്കാനുള്ള സംഖ്യ കൊടുത്തിട്ട് ബാക്കി തുക ചെറുകിട ഇടത്തരം കരാറുകാർക്ക് കൊടുക്കണമെന്ന് അന്ന് ഒരു നിർദ്ദേശം നൽകുകയുണ്ടായി. അത് വളരെ വിഷമത അനുഭവിക്കുന്ന ഇടത്തരം ചെറുകിട കരാറുകാരുടെ സീനിയോറിറ്റി കൂടി ലംഘിക്കുന്നതാണ് എന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് അവരെ ഈ രജിസ്ട്രേഷൻ എടുക്കുന്ന സംപ്രദായത്തിൽ നിന്നും ഒഴിവാക്കുവാനും അവർക്ക് കൊടുക്കാനുള്ള കുടിശ്ശിക ബിൽ എത്രയും വേഗം കൊടുത്ത് അവരുടെ വിഷമതയിൽ ഗവൺമെന്റ് പങ്കുചേരാനും ശ്രമിക്കണം. ഗവൺമെന്റ് ഇക്കാര്യത്തിൽ നടത്തിയ എല്ലാ ശ്രമങ്ങളേയും സ്മരിച്ചുകൊണ്ടുതന്നെ ഞാൻ ഈ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, കരാറുകാരുടെ കുടിശ്ശിക തീർക്കുന്നതിന് ഈ സാമ്പത്തികവർഷം പദ്ധതി ഇനത്തിൽ 63.61 കോടി രൂപയും, പദ്ധതിയേതര ഇനത്തിൽ 82.35 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ ഉപധനാഭ്യർത്ഥനവഴി 166 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ തുകകളിൽ ഭൂരിഭാഗവും റിലീസ് ചെയ്തുകഴിഞ്ഞു, ശേഷിക്കുന്ന തുകയും സർക്കാരിന്റെ സാമ്പത്തികസ്ഥിതിയനുസരിച്ച് കഴിയുന്നത്ര വേഗം കൊടുത്തുതീർക്കാൻ നടപടികൾ കൈക്കൊള്ളുന്നതാണ്. ചെറുകിട-ഇടത്തരം കരാറുകാരെ സംബന്ധിച്ചടത്തോളം രജിസ്ട്രേഷന് പുതിയതായി യാതൊരു നിയമങ്ങളും കൊണ്ടുവന്നിട്ടില്ല. ഒരു ലക്ഷമോ അതിൽ കൂടുതലോ ടേൺ ഓവർ ഉള്ള കരാറുകാർ ഉൾപ്പെടെയുള്ള വ്യാപാരികൾ വിൽപ്പന നികുതി നിയമപ്രകാരം രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. രജിസ്ട്രേഷൻ എടുക്കുന്നതിൽ വീഴ്ച വരുത്തുന്ന വ്യാപാരികളും, കരാറുകാരും ആയതിന് നിയമാനുസൃതമായ പിഴ കൊടുക്കണമെന്നും നിയമം അനുശാസിക്കുന്നു. എന്നാൽ ടേൺ ഓവർ തികഞ്ഞിട്ടും ദീർഘകാലമായി രജിസ്ട്രേഷൻ എടുക്കാതിരിക്കുന്ന കരാറുകാരെ 31.12.99-നകം രജിസ്ട്രേഷൻ എടുക്കുകയാണെങ്കിൽ രജിസ്ട്രേഷൻ കുടിശ്ശിക അടയ്ക്കുന്നതിൽ നിന്നും, പിഴ അടയ്ക്കുന്നതിൽ നിന്നും, നികുതിയിന്മേൽ ചുമത്തപ്പെട്ട പലിശയിൽ നിന്നും ഒഴിവാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly